പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1660 05.12.2014 ലെ മറുപടിയ്ക്ക്

കുറുപ്പന്തറ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. മോൻസ് ജോസഫ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിന് കീഴിലുള്ള കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കുറുപ്പന്തറ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് ബഹു. കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.2.2014 ൽ കൂടിയ യോഗത്തിൽ എടുത്ത തീരുമാനങ്ങളിൽ ഏതെല്ലാം നടപ്പിലാക്കി എന്ന് വ്യക്തമാക്കാമോ ; | (എ) കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 22.02.2014 ൽകുറുപ്പന്തറ പൊതുലേല കേന്ദ്രത്തിന്റെ പ്രതിസന്ധി പരിഹരിക്കുന്നതിന് വിളിച്ചുകൂട്ടിയ യോഗത്തിൽ താഴെ പറയുന്ന തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.<br>1. കർഷകർക്ക് 2013-14 സാമ്പത്തിക വർഷത്തിൽ ട്രാൻസ്പോർട്ട് സബ്സിഡി കൊടുത്തു തീർക്കുന്നതിന് 2 ¼ ലക്ഷം രൂപ അനുവദിക്കുക.<br>2. ഓപ്പറേഷണൽ കോസ്റ്റ് 3 ലക്ഷം രൂപയുൾപ്പെടെ 5 ¼ ലക്ഷം രൂപ അനുവദിക്കുക<br>3. പുതിയ ഒരു പിക്ക്അപ്പ് വാൻ അനുവദിക്കുക.<br>2013-14 സാമ്പത്തിക വർഷത്തിൽ കോട്ടയം കുറുപ്പന്തറ ജില്ല സംഭരണ വിപണന കേന്ദ്രത്തിനായി ട്രാൻസ്പോർട്ട് സബ്സിഡിയായി 1.75 ലക്ഷം രൂപയും ഓപ്പറേഷണൽ കോസ്റ്റിനായി 0.50 ലക്ഷം രൂപ അടക്കം ആകെ 2.25 ലക്ഷം രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2013-14 സാമ്പത്തിക വർഷത്തിന്റെ അവസാനമായതിനാൽ കൂടുതൽ തുക കണ്ടെത്തുവാൻ സാധിച്ചില്ല. 2014-15 സാമ്പത്തിക വർഷം മാർക്കറ്റ് വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കുറുപ്പന്തറ ജില്ല സംഭരണ വിതരണ |

| | | | |
|---|---|---|---|
| | | | കേന്ദ്രത്തിന് ട്രാൻസ്പോർട്ട് സബ്സിഡിക്കും ഓപ്പറേഷൻ ചെലവിനും ഒരു പിക്ക്അപ്പ് വാൻ വാങ്ങുന്നതുൾപ്പെടെ ആവശ്യമായ പദ്ധതി തയ്യാറാക്കിയിട്ടുള്ളതും സാങ്കേതിക അനുമതി ലഭിക്കുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതുമാണ്. |
| (ബി) | ലേലകേന്ദ്രത്തിന് പിക്കപ്പ് വാൻ വാങ്ങുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ ; ധനകാര്യ വകുപ്പിലെ ഇതു സംബന്ധിച്ചുള്ള ഫയൽ നമ്പർ ലഭ്യമാക്കുമോ; | (ബി) | പരിഗണനയിലാണ്.<br>ഫയൽ നം. 80470/AWC2/14/Fin |
| (സി) | ലേലകേന്ദ്രത്തിന്റെ തുടർപ്രവർത്തനങ്ങൾ സംബന്ധിച്ചുള്ള പ്രസ്തുത ഫയൽ കൃഷിവകുപ്പിന്റെ ഏത് വിഭാഗമാണ് കൈകാര്യം ചെയ്യുന്നത് ; ആയതിന്റെ ഫയൽ നമ്പർ ലഭ്യമാക്കുമോ ? | (സി) | കൃഷി (എൻ.സി.എ) വകുപ്പ്<br>25199/NCA2/14/AD |

സെക്ഷൻ ഓഫീസർ